# സ്ത്രീ സ്വത്വനിർമ്മിതി, കെ.ആർ.മീരയുടെ കഥകളിൽ

**ഫാത്തിമ ആർ.വി.**
ഗവേഷക, സാഹിത്യപഠനം
മലയാളസർവ്വകലാശാല, തിരൂർ
Email: fathimarv1981@gmail.com

**സംഗ്രഹം**

മലയാളസാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു ശബ്ദമാണ് കെ.ആർ. മീരയുടെ കൃതികൾ. മീരയുടെ കഥകളായ ശൂർപ്പണഖ, മോഹമഞ്ഞ, ആവേമരിയ, സ്വർഗസങ്കടങ്ങൾ, വാണിഭം തുടങ്ങിയ അഞ്ചുകഥകളെ വിശകലനംചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. സോഷ്യൽഫെമിനിസത്തിന്റെ രീതിശാസ്ത്രമാണ് സൈദ്ധാന്തികതലമായി ഈ പഠനത്തിന് ആധാരമായി ഉപയോഗിക്കുന്നത്.

**താക്കോൽ വാക്കുകൾ:** സ്ത്രീ, പ്രണയം, സ്വത്വം, സ്ത്രീവാദം, സാമൂഹികസ്ത്രീവാദം

**ആമുഖം**

പുരുഷൻ സാഹിത്യത്തിൽ ആവിഷ്കരിച്ച ഏകപക്ഷീയമായ പ്രണയത്തെ പുറന്തള്ളി സ്ത്രീകളുടേതായ പ്രണയലോകം സാക്ഷാത്കരിക്കുന്നവയാണ് കെ.ആർ.മീരയുടെ കഥകൾ. സ്ത്രീയുടെ പ്രണയവും ദാഹവും ബന്ധങ്ങളിൽനിന്നും മുക്തമാകണം എന്ന കാഴ്ചപ്പാടാണ് മീരക്കുള്ളത്. പുരുഷനെ തോൽപ്പിക്കുകയല്ല, മറിച്ച് സ്ത്രീയുടെ സ്വത്വത്തെ സാഹിത്യത്തിൽ ഉറപ്പിക്കുകയായിരുന്നു മീരയുടെ കഥകൾ. ഓർമ്മയുടെഞരമ്പ്, ആവേമരിയ, മോഹമഞ്ഞ എന്നീ കഥാസമാഹാരങ്ങൾ ശ്രദ്ധേയങ്ങളാണ്. ശൂർപ്പണഖ, മോഹമഞ്ഞ, ആവേമരിയ, സ്വവർഗ സങ്കടങ്ങൾ, വാണിഭം തുടങ്ങിയ അഞ്ച് കഥകളെ വിശകലനം ചെയ്യാനാണിവിടെ ശ്രമിക്കുന്ന


ISSN: 2582 - 2594

ത്. എഴുത്ത് ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വന്തം അസ്തിത്വത്തിലേക്കും മനസ്സിലേക്കും പ്രണയപൂർവ്വം ഉള്ള യാത്രയാണ്. അടിച്ചേൽപ്പിക്കപ്പെട്ട വ്യവസ്ഥയോട് നിഷേധിക്കാനും പ്രതിഷേധിക്കാനും കഴിഞ്ഞില്ലെങ്കിൽ ജീവിതം വ്യർത്ഥമാണ് എന്ന തിരിച്ചറിവാണ് ഓരോ സ്ത്രീയെയും ഒരേസമയം പ്രണയിനിയും എഴുത്തുകാരിയുമാക്കുന്നത്. കുടുംബത്തിലും സമൂഹത്തിലും അനുഭവിക്കുന്ന വിലക്കുകളിൽ നിന്ന് ഉടലെടുക്കുന്ന തീക്ഷ്ണമായ വേദനകളെ പലപ്പോഴും സ്ത്രീകളുടെയുള്ളിലെ സ്നേഹാർദ്രമായ വാക്കുകൾ കൊണ്ടുള്ള പോരാട്ടമാക്കി മാറ്റാറുണ്ട്. പല സ്ത്രീകൾക്ക് എഴുത്ത് ഒരേസമയം അതിജീവനവും പോരാട്ടവുമാണ്. എഴുത്തിലൂടെ അവൾ സ്വയം ആഘോഷിക്കാൻ ശ്രമിക്കുന്നുണ്ട്. അലിഖിതമായ അംഗീകരിക്കപ്പെട്ടിരിക്കുന്ന പുരുഷമേധാവിത്വധർമ്മ ശാസ്ത്രത്തിന്റെ കാര്യത്തിൽ മാത്രമല്ല, സാമൂഹിക ജീവിതത്തിന്റെ വിവിധതലങ്ങളിൽ പരക്കെ യാഥാസ്ഥിതികത്വവും പാരമ്പര്യവാദവും അടിയുറപ്പിച്ച നിൽക്കുന്ന സ്ത്രീകൾക്കു ഒരു പ്രതിരോധതന്ത്രം കൂടിയാണിത്. സമകാലീന സ്ത്രീകളുടെ അവസ്ഥകളെ ഫെമിനിസത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് കൊണ്ടുപോയി ആവിഷ്കരിക്കാൻ മീരക്കു കഴിയുന്നുണ്ട്. തന്റെ കഥകളിൽ ലൈംഗികതയെ ആർജ്ജവത്തോടെയും പരിഭ്രമമന്യേയും ഫലിതപാടവത്തോടെയും ചിത്രീകരിക്കാൻ ശ്രമിക്കുന്നുണ്ട് കെ.ആർ. മീര. ഇതുകൊണ്ടു തന്നെയാണ് സമകാലീനരായ സ്ത്രീകഥാകാരികളിൽനിന്നും മീരയുടെ കഥകൾ ഭാഷാസൃഷ്ടി, ആശയസ്വീകരണം, കഥാപാത്രസൃഷ്ടി എന്നിവകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നത്. മീരയുടെ ശ്രദ്ധേയമായ ഈ കഥകളെ മുൻനിർത്തിയുള്ള പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഉത്തരാധുനികതയുടെ ആഖ്യാനപരിസരങ്ങളിൽനിന്നു കൊണ്ട് സമകാലീന സാമൂഹിക സാംസ്കാരിക ഇടങ്ങളെ ശക്തമായ ഭാഷയിൽ ആവിഷ്കരിക്കുന്നുണ്ട് എഴുത്തുകാരി തന്റെ കൃതികളിൽ. മീരയുടെ രചനകളിൽ സ്ത്രീശരീരത്തിന്റെ ആഖ്യാനം, സ്ത്രൈണത, ലൈംഗികത, ശരീരം എന്നിവയെക്കുറിച്ചുള്ള സ്ത്രീയുടെ സ്വതന്ത്രപരമായ കാഴ്ചപ്പാടുകൾ ആവിഷ്കരിക്കപ്പെടുന്നുണ്ട്. സ്ത്രീയനുഭവങ്ങൾക്ക് മേലെയുള്ള സ്ത്രീയുടെ കാഴ്ചപ്പാടുകൾക്ക് പ്രസക്തിയേറുന്ന ആധുനികാനന്തരതയിൽ സ്ത്രീയുടെ ഉടലെഴുത്ത് പുരുഷാധിപത്യ സങ്കൽപങ്ങളോടുള്ള നിരാകരണമാണ്. എന്നാൽ തികഞ്ഞ ഒരു ഫെമിനിസ്റ്റ് വീക്ഷണമൊന്നും മീരയുടെ രചനകളില്ല. പുരുഷവീക്ഷണങ്ങളെ കൂടി അംഗീകരിച്ചുകൊണ്ടും ഉൾക്കൊണ്ടുമുള്ള രചനാരീതിയിൽ സ്ത്രീയുടെ വിധേയത്വമനോഭാവത്തിനു പിന്നിൽ മറച്ചുവെക്കപ്പെട്ടിരിക്കുന്ന ഉൾക്കരുത്തിന്റെ പ്രോജ്ജ്വലതയെയാണ് തന്റെ കഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുന്നത്.

മീരയുടെ മിക്ക കഥകളിലും ശക്തമായ ഒരു സ്ത്രീ കേന്ദ്രകഥാപാത്രമായി കടന്നുവരുന്നുണ്ട്. പുരുഷനോടുള്ള എതിർപ്പുകൾക്കും സമരസപ്പെടലുകൾക്കുമപ്പുറം സ്വന്തം സ്വത്വം ഉറപ്പിച്ചെടുക്കുന്ന ഉൾക്കരുത്താർന്ന സ്ത്രീകഥാപാത്രങ്ങളെയാണ് കൃതികളിൽ കാണുവാൻ സാധിക്കുന്നത്. സ്ത്രീപക്ഷ വായനയ്ക്കപ്പുറത്തേക്ക് നീളുന്ന ഒരു സാമൂഹികസാംസ്കാരികതലം കൂടി മീരയുടെ രചനകൾക്കുണ്ട്. ജീവിതസംഘർഷങ്ങളുടെ ഭാവതീവ്രതകളെ വാക്കുകളിലേക്കും ആവാഹിക്കുവാൻ മീരക്ക് സാധിക്കുന്നുണ്ട്. ഭാവാത്മകതയും വൈകാരികാനുഭൂതിയുമാണ് മീരയുടെ എഴുത്തിനെ ആകർഷകമാക്കുന്നത്. പ്രണയം, ഏകാന്തത, കാത്തിരിപ്പ്, സാമൂഹികജീർണതകൾ, സമകാലിക സാമൂഹികാവസ്ഥകൾ, മതം, അധികാരവ്യവസ്ഥിതികൾ, സ്ത്രീസ്വകാര്യതകൾ, സ്ത്രീ-പുരുഷ വീക്ഷണ വിപര്യയങ്ങൾ, സ്ത്രൈണതയുടെ ഉൾക്കരുത്ത് പേറുന്ന സ്ത്രീജീവിത

ങ്ങൾ എന്നിങ്ങനെ ഒരേസമയം ലളിതവും ആർജ്ജവവുമാർന്ന വിഷയങ്ങൾ കഥാപരിസരത്തെ ബഹുസ്വരമാക്കുന്നു. സമകാലികാവസ്ഥകളെയും രാഷ്ട്രീയപരിസരത്തെയും ഹാസ്യാത്മകമായി വിമർശിക്കുന്ന രചനകളിൽ ശ്രദ്ധേയമാണ് പെൺപഞ്ചതന്ത്രവും ഭഗവാന്റെ മരണവും. സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ അപചയങ്ങളെ തുറന്നുകാട്ടുവാനുള്ള ആർജ്ജവം എഴുത്തുകാരിയിൽ പ്രകടമാകുന്നുണ്ട്. നർമബോധവും ഐറണിയും കലർന്ന ആഖ്യാനശൈലിയിലൂടെ പ്രമേയങ്ങളെ തീക്ഷ്ണമായി ആവിഷ്കരിക്കുന്നുമുണ്ട്. സമകാലികത, പൂർവചരിത്രങ്ങൾ, പുരാണകഥാസന്ദർഭങ്ങൾ എന്നിവയെ പ്രമേയത്തിനു ഗുണമായ രീതിയിൽ യുക്തിയുക്തമായി കൂട്ടിച്ചേർക്കുവാനുള്ള രൂപശിൽപനിർമ്മാണവും സ്വതസിദ്ധമായ വീക്ഷണ കോണിലൂടെ അതിനെ വ്യാഖ്യാനിക്കാനുള്ള കഴിവുമാണ് ഇതരസമകാലിക എഴുത്തുകാരിൽ നിന്ന് മീരയെ വ്യത്യസ്തയാക്കുന്നത്. മലയാള ചെറുകഥ-നോവൽസാഹിത്യത്തിന്റെ സമകാലികഭാവുകത്വത്തെ ഈ എഴുത്തുകാരി സമ്പന്നമാക്കുന്നു. 'മോഹമഞ്ഞ, ഓർമയുടെഞരമ്പ്, സർപ്പയജ്ഞം, ആവേമരിയ, ഗില്ലറ്റിൻ, വാർത്തയുടെഗന്ധം, ശൂർപ്പണഖ, പെൺപഞ്ചതന്ത്രവും മറ്റു കഥകളും എന്നിവയെല്ലാം മികച്ചതും സഹൃദയ - നിരൂപണ ശ്രദ്ധനേടിയതുമായ ചെറുകഥകളാണ്. കരിനീല, ആ മരത്തെയും മറന്നുമറന്നു ഞാൻ, മീരാസാധു, യൂദാസിന്റെസുവിശേഷം എന്നീ നോവലുകളിലൂടെയും നേത്രോന്മീലനം, ആരാച്ചാർ, സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ എന്നീ നോവലുകളിലൂടെയും സമകാല മലയാള ചെറുകഥ - നോവൽ സാഹിത്യത്തിൽ സജീവമായ ഇടപെടൽ കെ.ആർ. മീര നടത്തുന്നു. സാഹിത്യത്തിൽ മുമ്പും പരാമർശിക്കപ്പെടുന്ന പ്രമേയങ്ങൾ തന്നെയാണ് കഥാപരിസരങ്ങളിൽ നിലനിൽക്കുന്നതെങ്കിലും ആവിഷ്കാരത്തിലെ നൂതന സംവേദനാത്മകതയാണ് മീരയുടെ രചനകളെ വ്യത്യസ്തമാക്കുന്നത്. പെൺമനസ്സിനെയും പെണ്ണവസ്ഥകളെയും, വികാരങ്ങളെയും സൂക്ഷ്മമായും തുറന്നും എഴുതിയിട്ടുള്ള കെ.ആർ.മീര; പെൺമനസ്സിന്റെ വിഹ്വലതകളും ഉത്കണ്ഠകളുടെ പ്രണയവും, നൈരാശ്യവും എഴുത്തിൽ അവശേഷിപ്പിച്ചു. ഗഹനമായ ജീവിതവീക്ഷണവും തീക്ഷ്ണമായ ഭാഷാശൈലിയും തിരഞ്ഞെടുക്കുന്ന ഇതിവൃത്തങ്ങളിലെ അപൂർവ്വതയുമാണ് എഴുത്തിനെ വേറിട്ട് നിർത്തുന്നത്. പറച്ചിലിലെ പ്രത്യേകതകൊണ്ട് ഇതിവൃത്തത്തെ മറികടക്കാനുള്ള ത്വര എഴുത്തുകാരിയിൽ ശ്രദ്ധേയമാണ്. കേവലപൈങ്കിളി, ലോലവികാരം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന പ്രമേയങ്ങളെ മറികടക്കുന്നത് ആഖ്യാനത്തിൽ വരുത്തുന്ന പുതുമകൊണ്ടാണ്. മറ്റാരാണെങ്കിലും തീർത്തും പരാജയപ്പെട്ടു പോകാവുന്ന ക്ലീഷേകളിൽ മീര വിദഗ്ധമായി മികവു കാണിക്കുന്നതും ഈ ശേഷി കൊണ്ടുതന്നെയാണ്.

കെ.ആർ. മീരയുടെ ശ്രദ്ധിക്കപ്പെട്ട കഥകളിലൊന്നായ 'മോഹമഞ്ഞ' ദമനം ചെയ്യപ്പെട്ട ആസക്തികളെയും സ്നേഹിക്കപ്പെടാതെ പോകുന്ന മനുഷ്യനെയുമാണ് ചേർത്തു നിർത്തിക്കാണിക്കുന്നത്. ഏതു മനുഷ്യപ്രകൃതിബന്ധങ്ങളും മുജ്ജന്മബന്ധിതമാണ് എന്ന വാദം ഉണ്ട്. ഏറ്റവും തീവ്രമായ മനുഷ്യബന്ധമാണ് പ്രണയം. അതുകൊണ്ട് തന്നെയാണ് അത് ഇവിടെ തെളിഞ്ഞുവരുന്നത്. ജീവിതത്തിന്റെ മായയുടെ കനത്ത ഇരുട്ടിനെപ്പോലും പ്രണയത്തിന്റെ വെളിച്ചം എത്ര സുന്ദരമായും സൂക്ഷ്മമായുമാണ് മറികടക്കുന്നതെന്ന് ഈ കഥയിലൂടെ നമുക്ക് തിരിച്ചറിയാനാവും. 'ജീവിതത്തിൽ ആദ്യമായി കാണുകയാണെങ്കിലും പ്രണയബന്ധങ്ങളിൽ പതിവുള്ളതുപോലെ ഇയാളെ എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്ന് അവളും ഇയാളെ എപ്പോഴോ

പരിചയപ്പെട്ടിട്ടുണ്ടല്ലോ എന്ന് അയാളും വിചാരിച്ച്' എന്നുള്ള വരികൾ ആഖ്യാനത്തിനിടയിലെ ദാർശനിക ക്രിയാകേളികളാണ്. ഇതതല്ലാം വായനക്കാരെ ഹഠാദാകർഷിക്കുന്നത്. ഒരു ഉദാഹരണം നോക്കുക. 'മുഖാമുഖം ഇരുന്നതിനാൽ അവരുടെ നോട്ടങ്ങൾ പല തവണ കാര്യമൊന്നുമില്ലാതെ പരസ്പരം കൈ കൊടുത്തു നടന്നുപോയി'. ഒരു വട്ടം അയാളുടെ നോട്ടം അവളുടെ കണ്ണുകളിൽ തടഞ്ഞുവീഴുകയും സോറി പറഞ്ഞു എഴുന്നേറ്റുപോവുകയും ചെയ്തു. മറ്റൊരു വട്ടം അവളുടെ നോട്ടം അയാളുടെ കണ്ണുകളിൽ ഒന്നിടറുകയും അയാളുടെ കൺപീലികൾ അവളിൽ വീണു പോകാതെ താങ്ങിനിർത്തുകയും ചെയ്തു. രോഗം/മരണം/ലൈംഗികത എന്നീ പ്രശ്നങ്ങളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന കഥയാണിത്. ഏത് ലൈംഗികതയുടെ പിന്നിലും മരണത്തെ ജയിക്കാനുള്ള ഒരഭിവാഞ്ജ കുടികൊള്ളുന്നു എന്ന മനഃശാസ്ത്രപരമായ തത്ത്വം ഇവിടെ കാണുന്നു. പെണ്ണുങ്ങളുടെ നിരാശ അവരുടെ കൺതടങ്ങളിൽ തെളിയും. ആണുങ്ങളുടേതാകട്ടെ അവരുടെ ചുവടുകളിലും. രോഗവും പ്രണയവും കാമവും എത്ര ആഴത്തിലും കലാത്മകമായുമാണ് ഈ കഥയിൽ ഊടും പാവും പോലെ കൂടിക്കലർന്നിരിക്കുന്നുവെന്നത് നമുക്ക് കണ്ടെത്താനാവും. കഥാപാത്രങ്ങളെല്ലാം രോഗികളാണ്- അയാളുടെരോഗം/അവളുടെരോഗം/അവളുടെമകന്റെരോഗം എന്നിങ്ങനെ അതു നിറസാന്നിദ്ധ്യമാവുന്നു. കഥ നടക്കുന്ന സ്ഥലം മെഡിക്കൽ കോളേജും പരിസരവുമാണ്. കഥയ്ക്കുള്ളിൽ തെളിയുകയും മറയുകയും ചെയ്യുന്ന വർണ്ണങ്ങൾ മഞ്ഞയും ചാരവുമാണ്. നിറങ്ങൾ സൃഷ്ടിക്കുന്ന വിനിമയഭംഗിയും കഥയുടെ വായനയിൽ കാണാം. വളരെ വ്യത്യസ്തമായ രീതിയിലാണ് ഈ കഥയെ കാണാനാവുക. പ്രണയം ഒരു രോഗാവസ്ഥയാണോ അതോ അടിച്ചമർത്തപ്പെട്ട പ്രണയമാണോ രോഗബീജമായി മാറുന്നത് എന്നിങ്ങനെയുള്ള സന്ദേഹങ്ങളാണ് ഈ കഥയിൽ ആവിഷ്കരിക്കുന്നത്. ആ കഥയിലെ സ്ത്രീയും പുരുഷനും ജീവിതത്തിന്റെ വൈവിധ്യപൂർണമായ നിറങ്ങൾ കാണുവാനുള്ള ശേഷി രോഗം മൂലം നഷ്ടപ്പെട്ടവരാണ്. സ്നേഹിക്കാൻ ലജ്ജിക്കുകയും ആത്മധൈര്യപ്പെടുകയും ചെയ്യുന്ന സാധാരണ മനുഷ്യരെയാണ് ഇവിടെ ചിത്രീകരിക്കുന്നത്. എന്നാൽ സ്നേഹം വേണ്ടെന്ന് വെക്കാൻ ആരും തന്നെ തയ്യാറാവുന്നില്ല. സമൂഹത്തെക്കുറിച്ചുള്ള ഭയമാണ് ഇവിടെ രോഗമായി പ്രത്യക്ഷപ്പെടുന്നത്. കണ്ണില്ലാതാവുമ്പോഴാണല്ലോ കണ്ണിന്റെ വിലയറിയുക. അതുപോലെ വൈകിയാണെങ്കിലും ശേഷിക്കുന്ന ജീവിതത്തിന്റെ വില തിരിച്ചറിയുകയാണ് അവർ. സ്നേഹിക്കാൻ കുറച്ച് സമയം മാത്രമുള്ളപ്പോൾ അണയാൻപോകുന്ന ജീവിതത്തിലേക്ക് ആർത്തിയോടെ പറന്നണയുകയാണവർ. ഈ കഥയിലെ കഥാപാത്രങ്ങളായ അവൾ വിവാഹമോചിതയും രണ്ടു കുട്ടികളുടെ അമ്മയും. അയാൾ വിവാഹബന്ധിതനും രണ്ടു കുട്ടികളുടെ അച്ഛനും. കഥാകാരി എന്ത്കൊണ്ടാണ് അവളെ വിവാഹമോചിതയായി അവതരിപ്പിക്കുന്നത്? വിവാഹിതയായൊരു സ്ത്രീ ഇത്തരം ഒരു പ്രണയലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് ചിത്രീകരിച്ചാൽ അതിനെ നിലനിൽക്കുന്ന സദാചാര പൊതുബോധവാഹകരായ വായനക്കാർ എങ്ങനെ സ്വീകരിക്കുമെന്ന ഭയം എഴുത്തുകാരിയേയും ഭരിക്കുന്നില്ലേ എന്ന് തോന്നിക്കും. പുരുഷൻ സൃഷ്ടിക്കുന്ന സദാചാരനീതി എത്ര ആഴത്തിലാണ് സ്ത്രീയുടെ ഹൃദയത്തിൽ തറഞ്ഞു കയറിയിരിക്കുന്നതെന്ന് എഴുത്തുകാരി ചൂണ്ടിക്കാണിക്കുന്നു. ഉത്ക്കടമായ വികാരാവിഷ്കാരത്തേക്കാൾ മനസ്സിന് പ്രശാന്തതയരുളുന്നത് കോമളീകൃതമായ വികാരാവിഷ്കാരമാണ് എന്ന തത്ത്വത്തിന് നിദർശനമയി പരിലസിക്കുന്നതാണ് മീരയുടെ കഥ. അതുകൊണ്ട് തന്നെ മലയാളത്തിലെ ശ്രേഷ്ഠമായ കഥകളുടെ ജനസ്സിലാണ് ഈ കഥയും ഇടം കണ്ടെത്തിയിട്ടുള്ളത്.

'ആവേമരിയ' എന്ന കഥാസമാഹാരത്തിലെ ആവേമരിയ എന്ന കഥ കണ്ണുകളെ ഈറനണിയിക്കുന്നു. കമ്യൂണിസ്റ്റ് സഹനത്തിന്റെ ഒരു തീവ്രമായ ഭൂതകാലം അതിൽ ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. സഹൃദയരാൽ ഏറെ ശ്രദ്ധിക്കപ്പെട്ട കഥയാണിത്. മറിയക്കുട്ടി എന്ന സ്ത്രീയുടെ സഹനത്തിന്റെ കഥയാണിത്. ജന്മനാ ധിക്കാരിയായിരുന്ന ചോലക്കാടൻ എന്ന വ്യക്തിയുടെ ഭാര്യയായിരുന്നു മറിയക്കുട്ടി. ഒരു ദിവസം പോലീസുകാരുടെ മരണവാർത്തയറിഞ്ഞ് ഇവർ നാടുവിട്ടു പോകുന്നു. പക്ഷെ ഒരു രാത്രി ചോലക്കാടനെ പോലീസ് അറസ്റ്റ് ചെയ്യുന്നു. രക്ഷപ്പെട്ട മറിയക്കുട്ടി തളരാതെ നാട്ടിൽ തിരിച്ചെത്തുന്നു. പക്ഷെ, അപ്പഴേക്കും അവർക്ക് സ്വന്തമായിരുന്നതെല്ലാം നഷ്ടപ്പെട്ടിരുന്നു. ആരും തന്നെ അവരെ സഹായിക്കാൻ സന്നദ്ധയായിരുന്നില്ല. പോലീസുകാർ മറിയക്കുട്ടിയെ നന്നായി ഉപദ്രവിച്ചു. മാത്രവുമല്ല മറിയക്കുട്ടിയെ വിലങ്ങിട്ട് ബലാത്സംഗം ചെയ്തു. വളരെ ക്രൂരമായാണ് അവർ പെരുമാറിയത്. ആളുകളെല്ലാം പല കഥകളും പറഞ്ഞു തുടങ്ങി. ജയിലിൽ കിടക്കുന്ന സഖാവിന്റെ ഭാര്യക്ക് ഗർഭം അത് സോഷ്യലിസ്റ്റ് ഗർഭമാണെന്നും കുട്ടി അരിവാളും ചുറ്റികയുമായിട്ട് വരും നോക്കിക്കോ എന്നും. കമ്യൂണിസ്റ്റ്ഗർഭം എന്നിങ്ങനെയൊക്കെ വാർത്തകൾ പരന്നു. മറിയക്കുട്ടി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ആ കുഞ്ഞിന് ഇമ്മാനുവൽ എന്ന് പേരിട്ടു. മറിയക്കുട്ടിക്ക് ആരും തന്നെ ജോലി നൽകിയില്ല. പക്ഷെ രാത്രിയിൽ അവരുടെ വീട്ടിൽ ആളു വരും. അങ്ങനെ സഖാവ് ചോലക്കാടന്റെ ഭാര്യ സോഷ്യലിസ്റ്റ് മറിയക്കുട്ടിയായി. ഇമ്മാനുവൽ പിടിവാശിക്കാരനായിരുന്നു. ഇമ്മാനുവേലും ചോലക്കാടനും പരസ്പരം സഖാവേ എന്നാണ് വിളിച്ചിരുന്നത്. ഇമ്മാനുവേൽ വളരുംതോറും ചോലക്കാടൻ തളരുകയായിരുന്നു. പാർട്ടി പിളർന്നതിന്റെ പിറ്റേന്ന് ചോലക്കാടൻ മരിച്ചു. താൻ തന്തയില്ലാത്തവനാണെന്ന് ഇമ്മാനുവേൽ സ്വയം കുറ്റപ്പെടുത്തി. ഒരു ഫാക്ടറിയിൽ ജോലി കിട്ടിയ ഇമ്മാനുവേൽ ഒരു പെൺകുട്ടിയെ സ്നേഹിച്ചു. പക്ഷെ അവൾ തന്തയില്ലാത്തവനെ വേണ്ടെന്ന് പറഞ്ഞ് ഇമ്മാനുവേലിനെ ഒഴിവാക്കി. ആ വാശിതീർക്കാനായി ഇമ്മാനുവേൽ വേശ്യയെ സമീപിക്കുന്നു. അവർ വസ്ത്രം അഴിക്കുമ്പോഴെല്ലാം അമ്മച്ചിയുടെ മുഖമാണ് ഇമ്മാനുവേലിന്റെ ഓർമ്മയിൽ വരുന്നത്. ഓരോ സ്ത്രീയെ സമീപിക്കുമ്പോഴും അയാൾ നിലം പതിക്കുകയായിരുന്നു. എപ്പോഴും അയാൾ അമ്മയായ മറിയയെ ഉപദ്രവിക്കുമായിരുന്നു. ഒരിക്കൽ ഇമ്മാനുവേൽ ഫ്യൂരിഡാൻ കഴിച്ചപ്പോഴും മറിയ നിശ്ശബ്ദയായി കാത്തിരിക്കുകയായിരുന്നു. എല്ലാവരും ഒരു ദിവസം കോഴി കൂവും മുമ്പേ ആരെയെങ്കിലും തള്ളിപ്പറയും. എല്ലാവരും ഒരു ദിവസം രണ്ട് കള്ളൻമാർക്കിടയിൽ ആരെയെങ്കിലും കുരിശിലേറ്റും. കുളിച്ച് വീഞ്ഞ് കുടിപ്പിക്കും. വിലാപ്പുറത്ത് കുത്തും. പാറയിൽ വെട്ടിയ കല്ലറയിൽ തള്ളും. കല്ലറ വാതിൽക്കൽ, ഏതെങ്കിലും ഒരു മറിയ മാത്രം സ്നേഹിച്ചതിന് വേണ്ടി കരഞ്ഞ് കൊണ്ട് കാത്തുനിൽക്കും എന്നൊക്കെ പറഞ്ഞ് കഥയിവിടെ അവസാനിക്കുന്നു.

'സ്വവർഗ്ഗസങ്കടങ്ങൾ' എന്ന കഥ പറയുന്നത് സ്വവർഗ്ഗ സങ്കടങ്ങളിൽ മുഴുകുന്ന ഗോപാലകൃഷ്ണപിള്ളയുടെ ചിന്താഗതിയാണ്. സ്ത്രീകൾ കൂടിയ സെമിനാർ ഹാളിൽ വെച്ച് ഗോപാലകൃഷ്ണപിള്ള ഒരു പ്രസംഗം കേൾക്കുന്നു. സാധാരണക്കാരനായ ഗോപാലകൃഷ്ണപിള്ള ആ പ്രസംഗം ആദ്യമൊന്നും ശ്രദ്ധിച്ചിരുന്നില്ല. പക്ഷെ പിന്നീടാണ് ലിംഗം എന്ന വാക്ക് അദ്ദേഹം കേട്ടത്. ആദ്യം വിശ്വസിച്ചില്ലെങ്കിലും പിന്നീട് കേട്ടപ്പോൾ ചൂളുങ്ങിപ്പോയി. ഒരു സ്ത്രീ ഘോരഘോരമായി പ്രസംഗിക്കുന്നുണ്ടായിരുന്നു. ആ സ്ത്രീക്ക് കോഴിക്കുഞ്ഞിന്റെ ഒച്ചയാണെങ്കിലും

 ISSN: 2582 - 2594

കടുവയുടെ ഭാവമായിരുന്നു. ഈ ലിംഗമാണിന്ന് നാട് ഭരിക്കുന്നത്. സ്ത്രീയെ കീഴ്പ്പെടുത്തി അവളുടെ മേൽ ലൈംഗിക അധികാരം സ്ഥാപിക്കുകയാണ് പുരുഷൻ. ലിംഗം ഒരു പ്രതീകമാണ്. അതാണ് ഇന്നത്തെ ദൂഷിച്ച അധികാര വ്യവസ്ഥയുടെ ആണിക്കല്ലും അച്ചുതണ്ടും. സ്ത്രീയുടെ സ്വത്വത്തിന് മേൽ ലൈംഗികമായ അധീശത്വം സ്ഥാപിക്കുകയാണ് പുരുഷൻ. ഓരോ പുരുഷനും റേപ്പിസ്റ്റാണ്. ആക്രമിച്ച് കീഴടക്കാനാണ് അവന്റെ വാസന. ഒരു സ്ത്രീയും പുരുഷനെ ആഗ്രഹിക്കുന്നില്ല. അവൾ അവന് കീഴ്പ്പെടുന്നതു നിവൃത്തികേടുകൊണ്ടാണ്. സ്ത്രീയുടെ ലൈംഗികത അവനുള്ള ഔദാര്യവും സൗജന്യവുമാണ്. വായ്നാറ്റവും വിയർപ്പ്നാറ്റവും സഹിച്ച് തളരാത്ത ഏത് സ്ത്രീയാണ് ഈ സംസ്ഥാനത്തുള്ളത്. ഇതെല്ലാം ആ പ്രസംഗത്തിലെ പ്രധാന ആശയങ്ങളാണ്. ഈ സ്ത്രീകളുടെ വീട്ടിൽ ആണുങ്ങളാരുമില്ലേയെന്ന് ഗോപാല കൃഷ്ണ പിള്ള സ്വയം ചോദിക്കുന്നു. ഇന്നത്തെ അധികാര വ്യവസ്ഥയുടെ അച്ചുതണ്ട് പുരുഷലിംഗമാണെന്നും അത് അടിച്ചൊടിക്കേണ്ട കാലം അതിക്രമിച്ചെന്നും ആ സ്ത്രീകൾ പ്രസംഗിക്കുന്നു. പെണ്ണുങ്ങളെ പഠിപ്പിക്കുന്നതാണ് ഈ പ്രശ്നത്തിന് എല്ലാം കാരണമെന്നും അവരെ വീട്ടിൽ നിന്ന് പുറത്തേക്ക് വിടുന്നത് കൊണ്ടാണ് ഇങ്ങനെയൊരു ഗതിയുണ്ടായതെന്നും ഗോപാല കൃഷ്ണപിള്ള പറയുന്നു. വീട്ടിലെത്തിയെ ഇദ്ദേഹം ഭാര്യയെ ഉപദ്രവിച്ച് തന്റെ പഴയ പ്രേമഭാജനത്തെ കാണാൻ പോകുന്നു. അവളോട് പ്രസംഗത്തിന്റെ കാര്യം വിവരിക്കുന്നു. ആണുങ്ങൾ വളരെ മോശപ്പെട്ടവരാണെന്നായിരുന്നു അവളുടെ മറുപടി. ഒരു പുരുഷനിൽനിന്നും തനിക്ക് സന്തോഷം കിട്ടിയില്ലെന്നും അവരെല്ലാം കാശ് തരുന്നത് തന്നെ സന്തോഷമാണെന്നും അവൾ പറഞ്ഞു. ഇത് കേട്ട ഗോപാലപിള്ള അവിടെനിന്നും ഇറങ്ങിപ്പോകുന്നു. അദ്ദേഹം വഴിനീളെ സ്ത്രീകളെ തെറി പറഞ്ഞുകൊണ്ടിരിക്കുന്നു. സെമിനാർ ഹാളിൽ പ്രസംഗിച്ച സ്ത്രീകളുടെ അച്ഛന്മാരേയും ഭർത്താക്കാന്മാരേയും ഷണ്ഡന്മാർ എന്നാക്ഷേപിക്കുന്നു. ഇങ്ങനെ എല്ലാംകൊണ്ടും നിരാശനായിരിക്കുന്ന ഗോപാലകൃഷ്ണപിള്ളയുടെ അടുത്തേക്ക് ഒരു ചെറുപ്പക്കാരൻ വരുന്നു. പ്രസംഗത്തിന്റെ കാര്യം അവനോട് പറയുന്നു. മാത്രമല്ല ഇതെല്ലാം പോക്രിത്തരമല്ലെയെന്നും ചോദിക്കുന്നു. അപ്പോൾ പയ്യൻ കുറെ കാശുണ്ടാക്കി ഓപ്പറേഷൻ നടത്തി ഒരു പെണ്ണായാൻ മതി എന്നു പറയുന്നു. മാത്രവുമല്ല പെണ്ണായാൽ തന്നെ കല്യാണം കഴിക്കുമോ എന്നും ആ പയ്യൻ ചോദിക്കുന്നു. ഇവിടെ ഗോപാലകൃഷ്ണപിള്ള തന്റെ സ്വവർഗസങ്കടങ്ങളിൽ മുഴുകി ആകെ അസ്വസ്ഥനായിരിക്കുകയാണ്. തന്നോട് അനുകൂലിക്കുന്ന ആരെയും അദ്ദേഹം കാണുന്നില്ല.

'വാണിഭം' എന്ന കഥയിൽ വ്യത്യസ്തമായ ഒരു അനുഭവമാണ് പ്രതിപാദിക്കുന്നത്. വഞ്ചിക്കപ്പെടുന്ന സ്ത്രീകളിൽ ചിലർ ഫെമിനിസ്റ്റുകളാവാം. ഒറ്റ ചിലർ വ്യഭിചാരികളാവാം. ചുരുക്കം ചിലർ സന്യാസികളും എഴുത്തുകാരികളും ആവാം. ഇത്തരമൊരവസ്ഥയാണ് വാണിഭമെന്ന കഥയ്ക്ക് ആധാരമായി സ്വീകരിച്ചിരിക്കുന്നത്. ഈ കഥയിലെ സ്ത്രീ വ്യഭിചാരിണിയാവാൻ തന്നെ തീരുമാനിച്ചിരിക്കുന്നു. സുകന്യയ്ക്ക് തന്റെ ഭർത്താവിനോടുള്ള എതിർപ്പാണ് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അവളെ പ്രേരിപ്പിക്കുന്നത്. അവൾ പലസ്ഥലത്തും പോയി നിൽക്കുന്നു. പക്ഷെ ആരും സുകന്യയെ ശ്രദ്ധിച്ചിരുന്നില്ല. വ്യഭിചാരം താൻ വിചാരിച്ച പോലെയത്ര എളുപ്പമല്ല എന്നും ഈ രംഗത്തും മത്സരം ഭയങ്കരം തന്നെയാണെന്നും സുകന്യ മനസ്സിലാക്കുന്നു. എന്നാലും സുകന്യ നിരാശപ്പെടുന്നില്ല. അവൾ പലരോടും എനിക്ക് വ്യഭിചരിക്കാൻ താൽപര്യമുണ്ട്. താങ്കൾക്ക് വിരോധമുണ്ടോ? എന്നു ചോദിക്കുന്നു. പക്ഷെ ആരും തന്നെ തയ്യാറാക

ന്നില്ല. അപ്പോൾ സുകന്യ ലോകത്തെ പഴിക്കുന്നു. വെറുതെ നിൽക്കുന്നവരെ തട്ടിക്കൊണ്ടു പോയി വാണിഭം ചെയ്യുന്നു. അതു മാത്രമല്ല ആവശ്യക്കാരെ അവഗണിക്കുകയും ചെയ്യുന്നു. ഈ നിലപാട് സുകന്യയ്ക്ക് ഒട്ടും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ഇതെല്ലാം നോക്കി നിന്ന ഒരാൾ സുകന്യയെ നോക്കി ചിരിച്ച് ആരേയും കിട്ടിയില്ലേ എന്ന് പരിഹസിക്കുന്നു. അപ്പോൾ ഇല്ല പോരുന്നോ കൂടെ എന്ന് സുകന്യ അയാളെ വെല്ലുവിളിക്കുന്നു. സുകന്യയോടൊപ്പം ലോഡ്ജിലേക്ക് പോകുന്നു. അപ്പോഴാണ് അയാൾ ഇംപൊട്ടന്റ് ആണെന്ന് സുകന്യ അറിയുന്നത്. ഇതറിഞ്ഞ സുകന്യ നിരാശയായി. മാത്രവുമല്ല അവൾക്കയാളോട് കൂടുതൽ സഹതാപവും താൽപര്യവും തോന്നി. അയാളോടൊന്നിച്ച് ജീവിക്കണമെന്ന് തോന്നുകയും ചെയ്യുന്നുണ്ട്. പക്ഷെ അയാൾ അവളെ വീട്ടിലേക്ക് തന്നെ തിരിച്ചയക്കുന്നു. ഭിന്നലൈംഗിക കാമനകളുടെ നേർക്കാഴ്ചകൾ അനാവരണം ചെയ്യുന്ന എന്ന നിലയിൽ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നതാണ് ഈ കഥ.

'ശൂർപ്പണഖ' എന്ന കഥ പി.പി.അനഘ എന്ന അധ്യാപികയുടെ ജീവിതമാണ് ആവിഷ്കരിക്കുന്നത്. ആദ്യമായി ക്ലാസിലെത്തിയപ്പോൾ 'ശൂർപ്പണഖയ്ക്ക് സ്വാഗതം' എന്നെഴുതി വെച്ചതാണ് അനഘ കാണുന്നത്. അനഘ പ്രതികരിച്ചില്ല. അതിനുസേഷം ഒരു കുട്ടി 'മിസ്സ് ഒരു ഫെമിനിസ്റ്റല്ല' ബേൺഡ ബ്രാ പ്രസ്ഥാനത്തെക്കുറിച്ച് എന്താണഭിപ്രായം എന്ന് ചോദിക്കുന്നു. ആ ചോദ്യത്തിനെതിരെ അനഘ ശക്തമായി തന്നെ പ്രതികരിച്ചു. അനഘക്ക് ബ്രസ്റ്റ് കാൻസറായിരുന്നു. സർജറിയുടെ സമയമായപ്പോൾ അനഘ തന്റെ മകളോട് അവസാനമായി എന്തെങ്കിലും വേണമോ എന്ന് ചോദിക്കുന്നു. മകൾ അവസാനമായും ആദ്യമായും ആവശ്യപ്പെട്ടത് അമ്മയുടെ പാലായിരുന്നു. തന്റെ മകൾ എന്ത് ചോദിക്കരുതെന്ന് കരുതിയോ അത് തന്നെ മകൾ ആവശ്യപ്പെടുന്നു. മകളുടെ ആഗ്രഹം കേട്ട അനഘ ഒരു ധൈര്യത്തിന് വേണ്ടി ലിംഗാധിപത്യം, വിമോചനം. ശാക്തീകരണം എന്നിങ്ങനെ ഉരുവിട്ടു. എങ്കിലും ആ അമ്മ ആഗ്രഹം സാധിപ്പിച്ചു കൊടുക്കാൻ തയ്യാറായി. പി.പി. അനഘ എന്ന അമ്മ ശക്തമായ ഒരു സ്ത്രീയായിരുന്നു എന്ന് തന്റെ മകൾ തിരിച്ചറിയാനും മകളുടെ ശാക്തീകരണത്തിനു വേണ്ടിയുമായിരുന്നു അവർ അതിനു തയ്യാറായത്. പക്ഷെ അമ്മയുടെ നെഞ്ചിലേക്ക് നോക്കി മകൾ വിഹ്വലതയോടെ പറയുന്നത് എനിക്ക് ലാക്ടോജിൻ മതി എന്നാണ്. ഈ പ്രതികരണം ആ അമ്മയെ തളർത്തിക്കളഞ്ഞിരിക്കും എന്ന് മീര പറയുന്നു. ശൂർപ്പണഖ എന്ന ഈ കഥയിൽ പുരുഷന് സ്വന്തമായ അഹന്തയുടെ ഇടങ്ങളിൽ സ്വന്തം ആത്മാഭിമാനത്തിന് മുറിവേറ്റിട്ടും വെല്ലുവിളിയിലൂടെ പിടിച്ചു നിന്ന രാമായണത്തിലെ കഥാപാത്രനാമമാണ് എഴുത്തുകാരി സ്വീകരിച്ചിരിക്കുന്നത്. ശൂർപ്പണഖ രാക്ഷസിയായിട്ടുപോലും സഹതാപമർഹിക്കുന്ന കഥാപാത്രമാണ്. മകളുടെ ചോദ്യത്തിൽനിന്നും തന്റെ രോഗാവസ്ഥയിൽക്കൂടി ഒരു സംതൃപ്തി കണ്ടെത്തുന്നു. ഒരമ്മയാകുക എന്നത് ഭാര്യയാകുന്നതിൽനിന്നും തീർത്തും വ്യത്യസ്തമാണെന്ന് കഥാപാത്രം വ്യക്തമാക്കുന്നു. സ്ത്രീയെന്നത് വെറുമൊരു പീഡനവസ്തുവല്ലെന്ന തിരിച്ചറിവ് ഈ കഥാപാത്രചിത്രീകരണത്തിലൂടെ വ്യക്തമാക്കുന്നുണ്ട്.

**ഉപസംഹാരം**

മലയാളകഥാസാഹിത്യത്തിന്റെ ശ്രദ്ധേയമായ മീരയുടെ കഥകളെല്ലാം തന്നെ സമ


ISSN: 2582 - 2594

കാലീനരായ എഴുത്തുകാർ ആവിഷ്കരിക്കാൻ ധൈര്യം കാണിക്കാത്ത പ്രമേയ- കഥാപാത്ര പരിസരങ്ങളെ അനാവരണം ചെയ്യുന്നതാണ്. കഥയും കഥാപാത്രങ്ങളും മാറുന്നതിനനുസരിച്ച് വ്യത്യസ്ത വിവക്ഷകളാണ് കാമത്തിന് നൽകുന്നത്. രോഗം, പ്രണയം, ലൈംഗികത എന്നിവയെല്ലാം മുഖ്യപ്രമേയമായി ആവിഷ്കരിക്കുന്നു. സ്ത്രീയുടെ സ്വതന്ത്രമായ ശബ്ദത്തെ അമർച്ചചെയ്യുന്നത് പുരുഷന്മാർ ലൈംഗികതയിലൂടെയാണ് എന്ന് കണ്ടെത്താനാവും മീരയുടെ കൃതികളിലെല്ലാം. സ്വന്തം ആത്മാവിന്റെ സ്വരം കേൾപ്പിക്കുന്നതിന് അവർക്ക് ആദ്യം നീക്കം ചെയ്യേണ്ടത് ലൈംഗികമായ വിലക്കുകളെയും വിധേയത്വങ്ങളെയുമാണ്. പുരുഷകേന്ദ്രീകൃതമായ ലൈംഗികതയിൽ മീരയും പൊളിച്ചെഴുത്ത് നടത്തുന്നുണ്ട്. കാലിക പ്രസക്തിയുള്ള ഇത്തരം കഥകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ കഥാകാരി കഥകളിലൂടെ ചിത്രീകരിക്കുന്നു. ആഖ്യാനരീതിയിലെ വൈവിധ്യവും നർമ്മബോധവും രാഷ്ട്രീയബോധവും കൊണ്ട് തഴക്കംവന്ന ഒരെഴുത്തുകാരിയുടെ ദാർഢ്യം കുറച്ചെങ്കിലും പ്രകടമാകുന്നത് മീരയുടെ കഥകളിലാണ്. വർത്തമാന സംഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന കഥകളായതുകൊണ്ട് അവ സമൂഹത്തിന്റെ പൊതു മണ്ഡലങ്ങളിലേക്കാണ് നമ്മുടെ ദൃഷ്ടിയെ നയിക്കുന്നത്. മീരയുടെ കഥകളിൽ ആൺപ്രേതം എന്ന കഥ ആൺകോയ്മയെയും പൗരുഷത്തിന്റെ ക്രൂരതയെയും തുറന്നു കാട്ടുകയും, ഇനിയും അവകാശപ്പെട്ട സ്ത്രൈണതയുടെ സ്വാതന്ത്ര്യം തേടുകയുമാണ് ചെയ്യുന്നത്. കുടുംബം, സമൂഹം തുടങ്ങിയവ മാത്രമല്ല, രാഷ്ട്രീയവും സ്ത്രീക്ക് പല നിയന്ത്രണങ്ങളും അതിരുകളും ഒരുക്കുന്നുണ്ടെന്ന് ഈ കഥകളെല്ലാം തെളിയിക്കുന്നു. സ്ത്രീകൾ എന്തിനുവേണ്ടിയാണ് ദുർബലയാകുന്നത്. അവളുടെ നന്മകളെയും വാത്സല്യങ്ങളെയും ദൗർബല്യമായി കണ്ട് ശീലിച്ച പോയവരാണ് പുരുഷസമൂഹം. വിദ്യാഭ്യാസവും സാമ്പത്തിക സ്വാതന്ത്ര്യവും സ്ത്രീക്ക് കൂടുതൽ കരുത്ത് നൽകിയിട്ടുണ്ട്. ആസക്തികളുടെ ഈ ലോകത്ത് സ്ത്രീ സ്വയം സുരക്ഷിതയാവുക, കരുത്തുള്ളവളാവുക, നിതാന്ത ജാഗ്രതയോടെ പ്രതിരോധത്തിന്റെ ഇടങ്ങൾ ഒരുക്കുക എന്നിങ്ങനെയുള്ള ആഹ്വാനമാണ് കെ.ആർ. മീര ഈ കഥകളിലൂടെ വിനിമയം ചെയ്യാൻ ശ്രമിക്കുന്നത്.

### സഹായകഗ്രന്ഥങ്ങൾ


1. അശോകൻ സി, (എഡി.), 2015, ആരാച്ചാർ പഠനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. അനിൽകുമാർ കെ.എസ്. രശ്മി ജി (എഡി.), 2018, കെ.ആർ, മീരയുടെ കഥയുടെ കാലാന്തരങ്ങൾ, ചിത്രരശ്മി ബുക്ക്, കോട്ടക്കൽ.
3. മീര കെ.ആർ. (എഡി.), 2012, ആരാച്ചാർ, ഡി.സി. ബുക്സ്, കോട്ടയം.
4. ഡോ. ജെ. കുമാർ, ഡോ. കെ. ഷിജു (എഡി.), 2018, ആധുനികാനന്തരമലയാളനോവൽ, മാളുബെൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. Imelda whele han (Ed.) 1995, (Modern Feminist thought), Raw at Publications, Jaipur.